# B U L L E T I N
# DIOCESE OF HOSUR

Bishop's Office
St. Thomas Pastoral Center
#16, Ayanavaram Road, Ayanavaram
Chennai-600023
E-mail: hosurdiocese@gmail.com

Patron
Mar Sebastian Pozholiparamibil
Bishop of Hosur

Chief Editor
Fr. Arun Chakkalackal
Mob. 9840386758

Published By
Msgr. Varghese Pereppadan
Bishop's Office
St. Thomas Pastoral Center
#16, Ayanavaram Road,
Ayanavaram, Chennai-23

Printed at: Sunitha Printers

(Private Circulation Only)

## ഉള്ളടക്കം

ഇടയശബ്ദം ........................................................ 2

2018 - ലെ നോമ്പുകാല സന്ദേശം
ഫ്രാൻസിസ് മാർപാപ്പാ ....................................... 3

The decisions of the First Session of the XXVI Synod ... 9

സർക്കുലർ ..................................................... 10

സർക്കുലർ ..................................................... 12

ഫിയാത്ത് 2018 കൃപാഗ്നി- ബൈബിൾകൺവെൻഷൻ .... 14

സർക്കുലർ - ദൈവവിളി ദിനം .......................... 15

കച്ചേരി കാര്യങ്ങൾ

- Appointments ........................................................ 18
- മൈനർ സെമിനാരി .................................... 20
- ക്രിസ്സം (Chrism) മാസ്സ് ............................ 21
- രൂപത ഫിനാൻസ് കൗൺസിൽ .................. 21
- പാസ്റ്ററൽ കൗൺസിൽ ............................... 21
- രൂപതയിലെ നിർമ്മാണ പ്രവർത്തനങ്ങൾ .... 21
- ഫിയാത്ത് ബൈബിൾ കൺവെൻഷൻ 2018 . 22
- ജീവിതമാർഗ്ഗ ദർശനക്യാമ്പ് .......................... 22
- ദൈവവിളി ക്യാമ്പ് ..................................... 22

പ്രീ- കാനാ കോഴ്സ് ........................................ 22

കുരിശിന്റെ വഴി ............................................... 23

പാലിയേറ്റീവ് കെയർ ....................................... 23

ഇടയന്റെ ഇന്നലെകൾ ..................................... 23

ഇടയന്റെ നാളെകൾ ....................................... 24

## ഇടയശബ്ദം



പ്രിയ ഹൊസൂർ രൂപത കുടുംബാംഗങ്ങളേ,

ഉത്ഥാനതിരുന്നാളിന്റെ ആശംസകൾ ഏവർക്കും നേരുന്നു. നാം മാമ്മോദീസ സ്വീകരിച്ച വേളയിൽ നമ്മുടെ ശിരസ്സിൽ 3 പ്രാവശ്യം കുരിശടയാളത്തിൽ മാമ്മോദീസാ വെള്ളം ഒഴിച്ചിട്ടുണ്ട്. ആദിമസഭയിൽ മാമ്മോദീസ മുങ്ങുന്ന വ്യക്തിയെ 3 പ്രാവശ്യം വെള്ളത്തിൽ മുക്കിപൊക്കിയിരുന്ന പതിവ് ലോപിച്ചാണ് ഇപ്പോൾ 3 പ്രാവശ്യം കുരിശടയാളത്തിൽ വെള്ളം ഒഴിക്കുന്ന പതിവ് നിലവിൽ വന്നത്. 3 പ്രാവശ്യം വെള്ളത്തിൽ മുക്കിപൊക്കിയിരുന്നത് സൂചിപ്പിക്കുക ഈ വ്യക്തി യേശുവിനോടുകൂടി പാപത്തിന് മരിച്ച് 3-ാം നാൾ ഉയിർത്തെഴുന്നേറ്റ യേശുവിനോടുകൂടി പുതിയ ജീവിതത്തിലേക്ക് പ്രവേശിക്കുന്നു എന്നതിനെയാണ്.

ഉത്ഥാനത്തിരുനാളിന്റെ അവസരത്തിൽ നാം ഓർക്കണം നാമെല്ലാവരും പാപത്തിന് മരിച്ച് പാപരഹിതമായ പുതിയജീവിതത്തിലേക്ക് ഉത്ഥിതനായ യേശുവിനോടുകൂടി കടന്നുവന്നിട്ടുള്ളവരാണ് എന്ന്. 'പാപത്തിന് മരിക്കുക' എന്ന് പറഞ്ഞാൽ എന്താണ്? മരിച്ച് കിടക്കുന്ന ഒരു വ്യക്തി പാപസാഹചര്യങ്ങളോട് എങ്ങനെ പ്രതികരിക്കുന്നുവോ അതു പോലെ ജീവിച്ചിരിക്കുന്ന വ്യക്തി പാപസാഹചര്യങ്ങളോട് പ്രതികരിക്കുന്നതിനെയാണ് 'പാപത്തിന് മരിക്കുക' എന്ന് പറയുമ്പോൾ അർത്ഥമാക്കുന്നത്. അതുകൊണ്ട് മാമ്മോദീസ സ്വീകരിച്ച നാം പാപത്തിന് മരിച്ചവരാണെന്നും ഉത്ഥിതനോടുകൂടി പുതിയ ജീവിതത്തിലേക്ക് വന്നവരുമാണെന്ന ബോദ്ധ്യത്തോടെ പാപസാഹചര്യത്തോടും പാപത്തോടും വിടപറഞ്ഞ് പുതിയ ഒരു ജീവിതത്തിലേക്ക് നമക്ക് പ്രവേശിക്കാം

തിന്മ ഇല്ലാതാക്കുന്നതോടൊപ്പം നന്മയിൽ വളരുവാനും നാം ശ്രദ്ധിക്കണം. നമ്മുടെ ഹൊസൂർ രൂപതയിലെ എല്ലാ ഇടവകകളിലും ആരംഭിച്ചിരിക്കുന്ന പാലിയേറ്റീവ് കെയർ പ്രസ്ഥാനത്തിൽ പങ്ക് ചേർന്ന് ജാതിമത ഭേദമെന്യേ ക്ലേശിക്കുന്ന എല്ലാ രോഗികൾക്കും ആശ്വാസമരുളുവാൻ ഞാൻ എല്ലാവരോടും ആഹ്വാനം ചെയ്യുന്നു. ഒപ്പം വ്യക്തികളുടെ മരണാനന്ത രസഹായ പ്രവർത്തനങ്ങളിലും നാം പങ്കുചേരണം. അങ്ങനെ തിന്മ ഇല്ലായ്മ ചെയ്യുന്നതോടൊപ്പം നന്മ പ്രവർത്തിക്കുന്നതിലും നമുക്ക് മുന്നിട്ട് നില്ക്കുന്നവരാകാം. ഏവർക്കും ഈസ്റ്ററിന്റെ മംഗളങ്ങൾ നേരുന്നു.

നിങ്ങളുടെ സ്വന്തം പിതാവ്

**മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ**

Ref: 3063/K-5/KCBC/OL/DS 30.1.2018

# 2018-ലെ നോമ്പുകാല സന്ദേശം
## ഫ്രാൻസിസ് മാർപാപ്പാ

*"അധർമം വർധിക്കുന്നതിനാൽ പലരുടെയും സ്നേഹം തണുത്തുപോകും" (മത്താ 24:12)*

പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ കർത്താവിന്റെ പെസഹാ ഒരിക്കൽക്കൂടി അടുത്തുവരുന്നു. ഈസ്റ്ററിനുവേണ്ടിയുള്ള "നമ്മുടെ തയ്യാറെടുപ്പിൽ ഓരോ വർഷവും മാനസാന്തരത്തിനുള്ള കൗദാശിക അടയാള"മെന്ന നിലയിൽ നോമ്പു കാലമെന്ന ഒരു കാലഘട്ടം നമുക്ക് ദൈവം തന്റെ പരിപാലനയിൽ നല്കുന്നു. ജീവിതത്തിന്റെ എല്ലാമേഖലയിലും മുഴുഹൃദയത്തോടെ കർത്താവിലേക്കു തിരിച്ചുവരുവാൻ നോമ്പുകാലം നമ്മെ വിളിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

കൃപാവരത്തിന്റെ ഈ കാലഘട്ടത്തെ സന്തോഷത്തിലും സത്യത്തിലും പുതുതായി അനുഭവിക്കാൻ മുഴുവൻ സഭയെയും ഈ സന്ദേശത്തോടെ വീണ്ടും സഹായിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കർത്താവിന്റെ വാക്കുകൾ സൂചനയായി ഞാൻ ഉപയോഗിക്കുന്നു: "അധർമം വർധിക്കുന്നതിനാൽ പലരുടെയും സ്നേഹം തണുത്തുപോകും" (മത്താ 24:12).

ഈ വാക്കുകൾ ക്രിസ്തുവിന്റെ പ്രഭാഷണത്തിൽ ലോകാവസാനത്തെ സംബന്ധിച്ചുള്ളവയായി തോന്നുന്നു. ജറുസലെമിൽ ഒലിവുമലയിൽവച്ചു പറഞ്ഞതാണ് ആ വാക്കുകൾ. അവിടെ വച്ചാണ് കർത്താവിന്റെ പീഡാസഹനം തുടങ്ങാനിരുന്നത്. ശിഷ്യന്മാരുടെ ഒരു ചോദ്യത്തിന് ഉത്തരമായിരുന്നു യേശുവിന്റെ വിവരണം. വലിയ ക്ലേശങ്ങളിൽ വ്യാജപ്രവാചകന്മാർ ആളുകളെ ചിതറിക്കും. സുവിശേഷത്തിന്റെ കാതലായ പരസ്നേഹം അനേകരുടെ ഹൃദയങ്ങളിൽ തണുത്തു മരവിച്ചു പോകും.

### വ്യാജപ്രവാചകന്മാർ

ആ സുവിശേഷഭാഗത്തെ നമുക്ക് ശ്രദ്ധിക്കുകയും അത്തരം വ്യാജ

പ്രവാചകന്മാർക്ക് സ്വീകരിക്കാൻ കഴിയുന്ന കപടവേഷം മനസ്സിലാക്കുകയും ചെയ്യാം.

"പാമ്പുപിടിത്തക്കാരെ"പ്പോലെ കാണപ്പെടാൻ അവർക്ക് കഴിയും. മറ്റുള്ളവരെ അടിമകളാക്കാനും തങ്ങൾക്ക് ഇഷ്ടമുള്ളിടത്തേക്ക് അവരെ നയിക്കാനും വേണ്ടി മാനുഷികവികാരങ്ങളെ ദുരുപയോഗിക്കാൻ അവർക്കു കഴിയും. എത്രയോ ദൈവമക്കളാണ് നിമിഷനേരത്തേക്കുള്ള സുഖങ്ങളാൽ വശീകരിക്കപ്പെടുന്നത്! അവ യഥാർഥസുഖങ്ങളാണെന്ന് അവർ തെറ്റിദ്ധരിക്കുന്നു. 'എത്രയോ സ്ത്രീപുരുഷന്മാരാണ് സമ്പത്തിനെക്കുറിച്ചുള്ള സ്വപ്നത്താൽ ആകർഷിക്കപ്പെടുന്നത്! സമ്പത്താകട്ടെ, അവരെ ലാഭത്തിന്റെയും നിസ്സാര താത്പര്യങ്ങളുടെയും അടിമകളാക്കുന്നു. തങ്ങൾ സ്വയംപര്യാപ്തതയുള്ളവരാണെന്നു കരുതി ജീവിക്കുന്ന എത്രയോ ആളുകളുണ്ട്. അവർ ഏകാന്തതയെന്ന കെണിയിൽ പെടുന്നു.'

വ്യാജപ്രവാചകന്മാർക്ക് "മുറിവൈദ്യന്മാരാ"യിരിക്കാനും കഴിയും. അവർ സഹനത്തിന് എളുപ്പമുള്ള താത്കാലിക പരിഹാരം നല്കും. അത് തികച്ചും ഉപയോഗശൂന്യമാണെന്ന് പെട്ടെന്നു തെളിയുകയും ചെയ്യും. ലഹരിവസ്തുക്കളെ സർവരോഗ സംഹാരികളായി കരുതുന്ന എത്രയോ യുവാക്കളുണ്ട്! വലിച്ചെറിയാവുന്ന ബന്ധങ്ങളെയും എളുപ്പമുള്ളതും സത്യസന്ധമല്ലാത്തതുമായ ലാഭങ്ങളെയും അപ്രകാരം കരുതുന്ന എത്രമാത്രം ചെറുപ്പക്കാരുണ്ട്. എത്രയോ പേർ യഥാർഥമല്ലാത്ത അസ്തിത്വത്തിന്റെ കെണിയിൽ പെട്ടിരിക്കുന്നു. അതിൽ ബന്ധങ്ങൾ ക്ഷിപ്രസാധ്യവും ഋജുവുമെന്നു തോന്നും; പക്ഷേ, തികച്ചും അർഥശൂന്യമാണെന്നു തെളിയും. കബളിപ്പിക്കുന്ന നിസ്സാരവസ്തുക്കൾ കച്ചവടം ചെയ്യുന്ന ഇവർ ഏറ്റവും വിലപ്പെട്ട മഹത്ത്വം, സ്വാതന്ത്ര്യം, സ്നേഹിക്കാനുള്ള കഴിവ് എന്നിവ പിടിച്ചു പറിക്കുന്നു.

അവർ നമ്മുടെ പൊള്ളയായ സ്വാഭിമാനഭാവത്തെയും ബാഹ്യരൂപത്തിലുള്ള വിശ്വാസത്തെയും ആകർഷിക്കുന്നു. പക്ഷേ, അവസാനം അവ നമ്മെ വിഡ്ഢികളാക്കുകയേ ഉള്ളൂ. ഇതിൽ നമ്മൾ വിസ്മയിക്കേണ്ടതില്ല. എന്തെന്നാൽ "നുണയുടെ പിതാവായ പിശാച്" (യോഹ 8:44) എപ്പോഴും തിന്മയെ നന്മയായും തെറ്റിനെ സത്യമായും കാണിച്ച് മനുഷ്യഹൃദയത്തെ ആശയക്കുഴപ്പത്തിലാക്കുന്നു. അതുകൊണ്ടാണ് ഈ വ്യാജപ്രവാചകരുടെ നുണകൾക്ക് ഇരയാവുന്നുണ്ടോയെന്ന ഹൃദയം പരിശോധിച്ചറിയാൻ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നത്. നാം അടുത്തു ചെന്നു നോക്കണം; മുകൾപ്പരപ്പിനടിയിൽ നോക്കണം; നമ്മുടെ ഹൃദ

യത്തിൽ നല്ലതും സ്ഥിരവുമായ മുദ്ര പതിപ്പിക്കുന്നതിനെ തിരിച്ചറിയണം. അങ്ങനെയുള്ളത് ദൈവത്തിൽനിന്നു വരുന്നതാണ്; യഥാർഥത്തിൽ നമ്മുടെ ഉപകാരത്തിനുവേണ്ടിയുള്ളതുമാണ്.

## തണുത്ത ഹൃദയം

ഡാന്റെ അലിഗേരി എന്ന ഇറ്റാലിയൻ മഹാകവി നരകത്തെ വർണിക്കുമ്പോൾ പിശാചിനെ മഞ്ഞുകട്ടയുടെ സിംഹാസനത്തിൽ തണുത്തുറഞ്ഞ് സ്നേഹമില്ലാത്ത ഏകാന്തതയിൽ ഇരിക്കുന്നതായി ചിത്രീകരിക്കുന്നു. നമ്മിൽ പരസ്നേഹം എങ്ങനെ തണുത്തുറഞ്ഞുപോകുമെന്ന് നമ്മോടുതന്നെ നാം ചോദിക്കണം. നമ്മുടെ സ്നേഹം തണുക്കാൻ തുടങ്ങുന്നുവെന്ന് സൂചിപ്പിക്കുന്ന അടയാളങ്ങൾ ഏവയാണ്?

പരസ്നേഹത്തെ നശിപ്പിക്കുന്നത് എല്ലാറ്റിലും ഉപരിയായി പണത്തിനുവേണ്ടിയുള്ള അത്യാഗ്രഹമാണ്. അത് "എല്ലാ തിന്മയുടെയും വേരാണ്" (1 തിമോ 6:10). അതോടെ ദൈവത്തെയും അവിടത്തെ സമാധാനത്തെയും ഉപേക്ഷിക്കും; അവിടുത്തെ വാക്കിലും കൂദാശകളിലും കാണുന്ന ആശ്വാസത്തെക്കാൾ കൂടുതലായി നമ്മുടെ ഒറ്റപ്പെടലിനെ ആഗ്രഹിച്ചുപോകും. നമ്മുടെ "ഉറച്ച തീരുമാനങ്ങൾക്ക്" ഭീഷണി ഉയർത്തുന്ന എന്തിനും എതിരേയുള്ള അക്രമത്തിലേക്ക് ഇതെല്ലാം നയിക്കുന്നു: ജനിക്കാനിരിക്കുന്ന കുട്ടി, വൃദ്ധജനം, രോഗികൾ, കുടിയേറ്റക്കാർ, അപരിചിതർ അല്ലെങ്കിൽ നമ്മുടെ പ്രതീക്ഷയനുസരിച്ചു ജീവിക്കാത്ത അയല്ക്കാർ എന്നിവർക്ക് എതിരേയുള്ള അക്രമത്തിലേക്കു തന്നെ.

സൃഷ്ടിതന്നെ പരസ്നേഹത്തിന്റെ തണുത്തുറയ്ക്കലിന്റെ നിശ്ശബ്ദ സാക്ഷിയായിത്തീരുന്നു. ശ്രദ്ധയില്ലായ്മകൊണ്ടോ സ്വാർഥതാത്പര്യം കൊണ്ടോ വലിച്ചെറിയുന്നവ ഭൂമിയെ മലിനമാക്കുന്നു; കടലുകൾ മലിനമാക്കുന്നു. നിർബന്ധിച്ചു കുടിയേറ്റപ്പെടുന്നവരുടെ അസംഖ്യം കപ്പൽ അപകടങ്ങളുടെ അവശിഷ്ടങ്ങളെ കടൽ വിഴുങ്ങുന്നു. തന്റെ സ്തുതികൾ പാടാൻവേണ്ടി ദൈവം സൃഷ്ടിച്ച ആകാശം മരണകരമായ വസ്തുക്കൾ പെയ്യുന്ന യന്ത്രങ്ങൾ വാടകയ്ക്കെടുത്തിരിക്കുകയാണ്.

നമ്മുടെതന്നെ സമൂഹത്തിലും സ്നേഹം തണുത്തു പോകാം. ഈ സ്നേഹമില്ലായ്മയുടെ ഏററവും വ്യക്തമായ അടയാളങ്ങളെ ഇവാ-ഞ്ചെലീ ഗാവുദിയും (സുവിശേഷത്തിന്റെ സന്തോഷം) എന്ന അപ്പ

സ്തോലികാഹ്വാനത്തിൽ ഞാൻ വിവരിച്ചിട്ടുണ്ട്. സ്വാർത്ഥത, ആധ്യാത്മികമാന്ദ്യം, വന്ധ്യമായ അശുഭാപ്തി വിശ്വാസം, തന്നിൽത്തന്നെ മുഴുകാനുള്ള പ്രലോഭനം, നമ്മുടെയിടയിൽത്തന്നെ നിരന്തരപോരാട്ടം, ബാഹ്യരൂപങ്ങളിൽ മാത്രം താത്പര്യം കാണിക്കുകയും അങ്ങനെ നമ്മുടെ പ്രേഷിതത്വപരമായ ഉത്സാഹത്തെ കുറയ്ക്കുകയും ചെയ്യുന്ന ലൗകിക മനോഭാവം എന്നിവയാണ് ആ അടയാളങ്ങൾ.

### നാം എന്താണു ചെയ്യേണ്ടത്?

ഞാൻ ഇപ്പോൾ വിവരിച്ച അടയാളങ്ങൾ നമ്മുടെ ഉള്ളിലും നമ്മുടെ ചുറ്റുപാടിലും നാം കാണുന്നുണ്ടായിരിക്കാം. എന്നാൽ നമ്മുടെ അമ്മയും അധ്യാപികയുമായ സഭ മിക്കപ്പോഴും കയ്പുള്ള സത്യമാകുന്ന മരുന്നിനോടൊപ്പം രോഗശമനത്തിനുള്ള മറുമരുന്നും നമുക്കു നല്കുന്നുണ്ട്. പ്രാർത്ഥന, ധർമദാനം, ഉപവാസം എന്നിവയാണ് ആ മറുമരുന്നുകൾ.

**പ്രാർത്ഥന**യ്ക്കായി കൂടുതൽ സമയം ഉപയോഗിക്കുന്നത് നമ്മുടെ രഹസ്യമായ നുണകളെയും ആത്മവഞ്ചനയുടെ രൂപങ്ങളെയും പറിച്ചുകളയാൻ നമ്മുടെ ഹൃദയങ്ങളെ ശക്തിയുള്ളവയാക്കും. അപ്പോൾ ദൈവം തരുന്ന ആശ്വാസം കണ്ടെത്താൻ നമുക്കു കഴിയും. അവിടന്ന് നമ്മുടെ പിതാവാണ്. നാം നന്നായി ജീവിക്കാൻ അവിടന്ന് ആഗ്രഹിക്കുന്നു.

**ധർമദാനം** അത്യാഗ്രഹത്തിൽനിന്നു നമ്മെ സ്വതന്ത്രരാക്കും. നമ്മുടെ അയല്ക്കാരെ സഹോദരീ സഹോദരന്മാരായി കാണാൻ നമ്മെ സഹായിക്കും. ഞാൻ സ്വന്തമാക്കിയിരിക്കുന്നതൊന്നും എന്റേതു മാത്രമല്ല. ധർമദാനം നമ്മിൽ ഓരോരുത്തരുടെയും യഥാർഥജീവിതശൈലിയാകാൻ ഞാൻ ഏറെ ആഗ്രഹിക്കുന്നു. ക്രൈസ്തവരെന്ന നിലയിൽ നാം അപ്പസ്തോലന്മാരുടെ മാതൃക പിന്തുടരണം. സഭയിലുള്ള കൂട്ടായ്മയുടെ തൊട്ടുനോക്കാൻ കഴിയുന്ന സാക്ഷ്യമായി നമ്മുടെ സ്വത്തുക്കൾ നാം പങ്കുവയ്ക്കണം. ഞാൻ എത്രയോ ആഗ്രഹിക്കുന്ന കാര്യമാണിത്. ഇക്കാരണത്താൽ വിശുദ്ധ പൗലോസ് ശ്ലീഹാ കൊറീന്ത്യർക്കു നല്കിയ ആഹ്വാനത്തെ പ്രതിധ്വനിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ജറുസലേമിലെ സഭയ്ക്കുവേണ്ടി സംഭാവന നല്കാനാണ് അദ്ദേഹം ആഹ്വാനംചെയ്തത്. ആ ദാനത്തിൽനിന്ന് അവർക്കു തന്നെ ഉപകാരമുണ്ടാകും (cf 2 കോറി 8:10). ഇത് നോമ്പുകാലത്ത് ഏറെ ഉചിതമായ കാര്യമാണ്. സഭകൾക്കും ആവശ്യത്തിൽ കഴിയുന്നവർക്കുംവേണ്ടി അനേകം ഗ്രൂപ്പുകൾ സംഭാവന ശേഖരിക്കുന്ന കാലയളവാണത്.

നമ്മുടെ അനുദിനജീവിതത്തിലും നമ്മുടെ സഹായം യാചിക്കുന്നവരുണ്ട്. അവരുടെ യാചന ദൈവത്തിൽനിന്നു വരുന്നതാണെന്ന് തിരിച്ചറിണം. നാം ധർമ്മം കൊടുക്കുമ്പോൾ ദൈവത്തിന് തന്റെ ഓരോ ശിശുവിനെയും സംബന്ധിച്ചുള്ള പരിപാലനാപരമായ ശ്രദ്ധയിൽ നാം പങ്കുകാരാവുകയാണ്. ദൈവം ഇന്ന് എന്നിലൂടെ ആരെയെങ്കിലും സഹായിച്ചാൽ അവിടന്ന് നാളെ എന്റെ ആവശ്യങ്ങളിൽ സഹായിക്കാതിരിക്കുമോ? എന്തെന്നാൽ ദൈവത്തെക്കാൾ ഉദാരതയുള്ളവനായി ആരുമില്ല.

**ഉപവാസം** ആക്രമിക്കാനുള്ള നമ്മുടെ വാസനയെ ദുർബലപ്പെടുത്തും. അതു നമ്മെ ആയുധമില്ലാത്തവരാക്കും. വളർച്ചയ്ക്കുള്ള സുപ്രധാനമായ ഒരു സന്ദർഭം നല്കും. ഒരു വശത്ത്, അനാഥരും വിശപ്പു സഹിക്കുന്നവരും എന്താണ് അനുഭവിക്കുന്നതെന്ന് അനുഭവിച്ചറിയാൻ അതു നമ്മെ സഹായിക്കും. മറുവശത്ത്, ദൈവത്തിലുള്ള ജീവിതത്തിനായി നമുക്കുള്ള ആധ്യാത്മിക വിശപ്പും ദാഹവും അതു പ്രകടിപ്പിക്കും. ഉപവാസം നമ്മെ തട്ടിയുണർത്തും. ദൈവത്തെയും അയല്ക്കാരനെയും കൂടുതൽ ശ്രദ്ധിക്കാൻ അതു സഹായിക്കും. ദൈവത്തെ അനുസരിക്കാനുള്ള നമ്മുടെ ആഗ്രഹത്തെ അത് പുനരുജ്ജീവിപ്പിക്കും. അവിടന്ന് മാത്രമാണ് നമ്മുടെ വിശപ്പ് മാറ്റാൻ കഴിവുള്ളവൻ.

കത്തോലിക്കാസഭയുടെ അതിരുകൾക്ക് അപ്പുറത്തുള്ളവരെയും ദൈവത്തിന്റെ ശബ്ദം കേൾക്കാൻ മനസ്സുതുറന്നിട്ടുള്ള സന്മനസ്സുള്ള എല്ലാവരെയും ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു പക്ഷേ, ഞങ്ങളെപ്പോലെ നിങ്ങളും ലോകത്തിൽ അധർമത്തിന്റെ പെരുപ്പംമൂലം അസ്വസ്ഥതയുള്ളവരാകാം. ഹൃദയങ്ങളെയും പ്രവർത്തനങ്ങളെയും തളർത്തുന്ന തണുപ്പിനെപ്പറ്റി നിങ്ങൾക്കും ഉത്കണ്ഠയുണ്ടാകാം. ഒരേ മനുഷ്യകുടുംബത്തിലെ അംഗങ്ങളാണ് നമ്മൾ എന്ന ബോധം ദുർബലപ്പെടുന്നതായി നിങ്ങൾ കാണുന്നുണ്ട്. അതുകൊണ്ട്, ദൈവത്തോടു യാചിക്കുന്നതിലും ഉപവസിക്കുന്നതിലും ആവശ്യത്തിൽപ്പെട്ട നമ്മുടെ സഹോദരീസഹോദരന്മാർക്കു വേണ്ടതെല്ലാം നല്കുന്നതിലും ഞങ്ങളോടു സഹകരിക്കുക.

## ഈസ്റ്ററിന്റെ അഗ്നി

സർവോപരി, ധർമദാനം, ഉപവാസം, പ്രാർത്ഥന എന്നിവയിൽ നിന്നു ശക്തി സ്വീകരിച്ചു നോമ്പുകാലതീർത്ഥാടനങ്ങൾ നടത്തുവാൻ സഭാംഗങ്ങളെ ഞാൻ നിർബന്ധിക്കുന്നു. പരസ്നേഹത്തിന്റെ തീജ്വാല നിങ്ങ

ളുടെ ഹൃദയത്തിൽ ചിലപ്പോൾ കെട്ടുപോകുന്നതായി തോന്നിയാൽ ദൈവത്തിന്റെ ഹൃദയത്തിൽ ഒരിക്കലും അങ്ങനെ സംഭവിക്കുന്നില്ലെന്ന് അറിഞ്ഞിരിക്കുവിൻ! വീണ്ടും സ്നേഹിച്ചു തുടങ്ങാനുള്ള അവസരം അവിടന്ന് നിരന്തരം നല്കുന്നുണ്ട്.

കൃപാവരത്തിന്റെ അത്തരമൊരു നിമിഷമായിരിക്കും ഈ വർഷവും വീണ്ടും നടത്തേണ്ട "24 മണിക്കൂർ കർത്താവിനുവേണ്ടി" എന്ന കർമം. ദിവ്യകാരുണ്യാരാധനയുടെ സാഹചര്യത്തിൽ അനുരഞ്ജന കൂദാശ ആഘോഷിക്കാൻ മുഴുവൻ സഭാസമൂഹത്തെയും ക്ഷണിക്കുന്നു. അത് 2018 മാർച്ച് 9 വെള്ളി മുതൽ മാർച്ച് 10 ശനിവരെ നടക്കും. സങ്കീർത്തനം 130:4-ൽ പറയുന്ന "അങ്ങു പാപം പൊറുക്കുന്നവനാണ്" എന്ന വാക്കുകളാൽ പ്രചോദിപ്പിക്കപ്പെട്ടതാണത്. ഓരോ രൂപതയിലും ഒരു ദേവാലയമെങ്കിലും തുടർച്ചയായി 24 മണുക്കൂറും തുറന്നിട്ടിരിക്കണം - ദിവ്യകാരുണ്യാരാധനയ്ക്കും കൗദാശിക ഏറ്റുപറച്ചിലിനും വേണ്ടിത്തന്നെ.

ഈസ്റ്ററിന്റെ ജാഗരണദിവസം ഈസ്റ്റർ തിരി കത്തിക്കൽ എന്ന വികാരഭരിതമായ കർമം ഒരിക്കൽക്കൂടി നടത്തും. "പുതിയ തീയിൽ" നിന്നെടുത്ത ഈ പ്രകാശം സാവധാനം ഇരുട്ടിനെ കീഴടക്കുകയും ലിറ്റർജിക്കൽ സമ്മേളനത്തെ പ്രകാശിപ്പിക്കുകയും ചെയ്യും. "മഹത്ത്വത്തിൽ ഉയിർക്കുന്ന ക്രിസ്തുവിന്റെ പ്രകാശം നമ്മുടെ ഹൃദയങ്ങളിലെയും മനസ്സുകളിലെയും ഇരുട്ടിനെ നീക്കിക്കളയട്ടെ." എമ്മാവൂസിലേക്കുള്ള വഴിയിൽവച്ച് ശിഷ്യന്മാർക്കുണ്ടായ അനുഭവത്തിൽ വീണ്ടും ജീവിക്കാൻ നമ്മെ എല്ലാവരെയും ശക്തരാക്കുകയും ചെയ്യട്ടെ. ദൈവവചനം കേട്ടുകൊണ്ടും ദിവ്യകാരുണ്യമേശയിൽ നിന്നു പോഷണം സ്വീകരിച്ചുകൊണ്ടും നമ്മുടെ ഹൃദയം വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയിൽ പൂർവാധികം ജ്വലിക്കട്ടെ.

വാത്സല്യത്തോടും നിങ്ങൾക്ക് എല്ലാവർക്കുംവേണ്ടിയുള്ള എന്റെ പ്രാർത്ഥനകളോടും കൂടി ഞാൻ നിങ്ങളെ ആശീർവദിക്കുന്നു. എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ മറക്കരുത്.

വത്തിക്കാനിൽ നിന്ന് 1 നവംബർ 2017
സകല വിശുദ്ധരുടെയും തിരുനാൾ ദിവസം

**ഫ്രാൻസിസ് പാപ്പാ**

Prot. No. 0192/2018

**The decisions of the First Session of the XXVI Synod (2018)**,held from 8 January to 13 January 2018 at Mount St. Thomas (Cf. Minutes of 10 January 2018): "*To approve the following action plans for the implementation of the proposals of the Major Archiepiscopal Assembly*":

1 When bishops come for various functions in various parishes and institutions make the receptions simple at the entrance of the parish church. Avoid reception from the parish boundary or from the church gate or with flexes and arches along the road.

2 All celebrations are to be simple. Any kind of publicity is to be merely informative and simple.

3 Institutions run by eparchies/parish churches and the Institutes of consecrated life are not to ask compulsory donations for admission and appointments.

4 Education Institutions run by eparchies/parish Churches and the Institues of Consecrated Life are to give concession to poor students as well as to the fourth and following children of catholic parents.

5 The Catholic Aided schools or Schools in the Public Sectors are to be fostered.

6 Every financially sound parish is to adopt a mission centre and keep the regular contact with it.

7 Skills of senior citizens are to be made use of in every parish.

8 A percentage of the amount of family celebrations is to be set apart for the poor.

9 When some fees/contributions are fixed in a parish, the amount shall be fixed according to the financial status of the families. No compulsory fees/ contribution shall be demanded.

10 The data of those who go away from the home parishes for education and jobs are to be kept in the offices at parish, eparchial levels. They should be helped to connect with the local Syro- Malabar Catholic communities where they live or go for studies and do not demand donations as prerequisite for the administration of the sacraments in their local parishes.

I hope you will do the follow up in the matter concerned for its implementation.

*Yours codially in Christ*
**George Cardinal Alencherry**
Major Archbishop of the Syro-Malabar Church

Ref.. No. 12/17

# സർക്കുലർ

മിശിഹായിൽ പ്രിയമുള്ള ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

ആരാധനാക്രമവത്സരമനുസരിച്ച് ദനഹാക്കാലം കഴിഞ്ഞ് വരുന്ന നോമ്പുകാലത്തിലേക്ക് നാം പ്രവേശിക്കുകയാണ്, വിദ്യാഭ്യാസം നടത്തുന്ന കുട്ടികളും യുവാക്കളും അവധിക്കാലത്തിലേക്ക് പ്രവേശിക്കുന്ന സമയവുമാണ്. ഈ സന്ദർഭത്തിൽ നമ്മുടെ സഭയുടെ ഒരു പ്രത്യേക ആവശ്യത്തെക്കുറിച്ച് നിങ്ങളോടു പറയാൻ ആഗ്രഹിക്കുന്നു. അത് മറ്റൊന്നുമല്ല, മിഷൻ രൂപതകളിലേക്കുള്ള വൈദികരുടെയും സമർപ്പിതരുടെയും ദൈവവിളിയെക്കുറിച്ചുതന്നെ.

"വിളവധികം വേലക്കാരോ ചുരുക്കം" മത്താ (9:37) എന്ന ദിവ്യനാഥന്റെ വാക്കുകൾ നമ്മുടെ സഭയെ സംബന്ധിച്ചും ഇപ്പോൾ കൂടുതൽ അന്വർത്ഥമാണ്. നമ്മുടെ പല മിഷൻ രൂപതകൾക്കും പ്രേഷിതപ്രവർത്തനത്തിന് നേതൃത്വം കൊടുക്കാൻ വേണ്ടത്ര വൈദികരെ ലഭിക്കുന്നില്ല. ഭാരതം മുഴുവനിലും നമുക്ക് അജപാലനപരവും പ്രേഷിതപ്രവർത്തനപരവുമായ സ്വാതന്ത്ര്യം നല്കികൊണ്ട് പരിശുദ്ധ പിതാവ് ഷംഷാബാദ്, ഹൊസൂർ രൂപതകൾ സ്ഥാപിക്കുകയും തക്കല, രാമനാഥപുരം രൂപതകളുടെ അതിർത്തികൾ വിസ്തൃതമാക്കുകയും ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ കൂടുതൽ വൈദികരുടെയും സമർപ്പിതരുടെയും ആവശ്യം വർദ്ധിച്ചിരിക്കുകയാണ്.

കേരളത്തിൽ നിന്നുള്ള വൈദികരെ മിഷൻ പ്രദേശങ്ങളിലേക്ക് കൊണ്ടുപോകാൻ പരിശ്രമിക്കുമ്പോൾ പല ബുദ്ധിമുട്ടുകളും നേരിടുന്നു. കേരളത്തിലെ വൈദികർക്ക് മിഷൻ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനമില്ലാത്തതിനാൽ ആ മേഖലയിലേക്ക് പോകാൻ പലരും വിസമ്മതിക്കുന്നു. കേരളത്തിലെ അജപാലനശൈലി അപ്പാടെ മിഷൻ പ്രദേശങ്ങളിൽ നടപ്പിലാക്കുക സാധ്യമല്ല. അതാത് പ്രദേശങ്ങളിലെ ഭാഷ പഠിക്കേണ്ട ആവശ്യം വെല്ലുവിളികൾ വർദ്ധിപ്പിക്കുന്നു. അതിനാൽ, സഭയുടെ നേതൃത്വത്തിൽ തന്നെ അർത്ഥികളെ സ്വീകരിച്ച് മിഷൻ

പരിശീലനം നല്കി വൈദികരായി അഭിഷേകം ചെയ്യാനുള്ള സംരഭത്തിന് കഴിഞ്ഞ ജനുവരി മാസം നടന്ന സഭയുടെ സിനഡ് തീരുമാനമെടുത്തു.

അതിനാൽ ഈ വർഷം തന്നെ സെമിനാരി വിദ്യാർത്ഥികളെ സ്വീകരിച്ച് പരിശീലനം തുടങ്ങാൻ പരിശ്രമിക്കുകയാണ്. നമ്മുടെ രൂപതകളിൽ നിന്ന് മിഷിനറി വൈദികരാകുവാൻ ആഗ്രഹിക്കുന്ന 10-ാം ക്ലാസോ ഉപരി വിദ്യാഭ്യാസ യോഗ്യതകളോ ഉള്ള കുട്ടികളും യുവാക്കളും മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായിലെ വൊക്കേഷൻ കമ്മീഷനിൽ അപേക്ഷിക്കേണ്ടതാണ്. കമ്മീഷൻ സെക്രട്ടറിയോടോ മേജർ ആർച്ച് ബിഷപ്പിനോടോ നേരിട്ട് ബന്ധപ്പെടാവുന്നതാണ്. കമ്മീഷൻ സെക്രട്ടറിയുടെ അഡ്രസ്സും ഫോൺ നമ്പറും ഇ-മെയിലും താഴെ കൊടുക്കുന്നു. ബഹുമാനപ്പെട്ട വൈദികരും സമർപ്പിതരും കുട്ടികളെ വേണ്ടത്ര പ്രോത്സാഹിപ്പിച്ച് നമ്മുടെ സഭയുടെ മിഷൻ പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ സദുദ്യമത്തിന് സഹകരിക്കുന്ന എല്ലാവരെയും വിളവിന്റെ നാഥൻ സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

ഈശോയിൽ സസ്നേഹം

**കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

Fr. Sebastian Muttamthottil, MCBS
Secretary, Commission for Vocation
Syro-Malabar Major Archiepiscopal
Mount St. Thomas, Kakkanad, P. B No. 3110
Kochi-682030 - India

Ref. 67/18

05-03-2018

# സർക്കുലർ

*ദൈവകൃപയാലും പരി. സിംഹാസനത്തിൻ അനുഗ്രഹത്താലും ഹൊസൂർ രൂപതയുടെ മെത്രാൻ, രൂപതയിലെ ബഹു. വികാരിയച്ചന്മാർക്കും സന്യാസിനീ സന്യാസികൾക്കും വിശ്വാസികൾക്കും ആശീർവാദം.*

*ഈശോയിൽ പ്രിയ വൈദികരെ, സന്യാസിനീ സന്യാസികളെ, പ്രിയ മക്കളെ,*

ഓരോ ക്രൈസ്തവനെയും വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടുത്തേണ്ട ഉപവാസത്തിന്റെയും പരിത്യാഗത്തിന്റെയും പ്രാർത്ഥനയുടെയും ദിനങ്ങളിലൂടെയാണ് നാമിപ്പോൾ കടന്നുപോവുന്നത്. നോമ്പിനെക്കുറിച്ച് വ്യത്യസ്തമായ കാഴ്ചപ്പാടുകൾ സഭയിലുണ്ട്. ദൈവത്തിന്റെ ശിക്ഷയിൽ നിന്നും രക്ഷപ്പെടാൻ ചാക്കുടുത്ത് ചാരം പൂശി നോമ്പെടുക്കുന്ന ഇസ്രായേൽ ജനത്തെയാണ് പഴയനിയമത്തിൽ നാം കാണുന്നത്. ഈശോ 40 ദിവസം മരുഭൂമിയിൽ പിതാവായ ദൈവത്തിന്റെ സന്നിധിയിൽ ഉപവസിച്ച് പ്രാർത്ഥിക്കുന്നതാണ് സുവിശേഷത്തിൽ ആദ്യം നാം കാണുന്ന നോമ്പ്. ഉത്ഥാനത്തിനു ശേഷം ഈശോ വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിനായി ദാഹിച്ചു പ്രാർത്ഥിക്കുന്ന ശിഷ്യസമൂഹത്തിന്റെ പ്രാർത്ഥനാകാലവും ഈ കാലഘട്ടത്തിനു കൂടുതൽ വെളിച്ചം നല്കുന്നുണ്ട്.

പ്രാർത്ഥനയും ഉപവാസവും പരിത്യാഗവും ദൈവത്തെക്കുറിച്ച് കൂടുതൽ അറിയാനും സ്നേഹിക്കാനും വളരാനുമാണ്. വെള്ളിയാഴ്ചകളിലും മറ്റും കുരിശിന്റെ വഴി നടത്തുമ്പോൾ എല്ലാം ത്യാഗം ചെയ്ത് നമ്മെ സ്നേഹിക്കുന്ന ഒരു ദൈവമാണ് നമ്മുടെ ദൈവമെന്ന് നാം തിരിച്ചറിയുണം.

നോമ്പിന്റെ അവസാനനാളുകളിലായിരിക്കുമ്പോൾ ഒന്നു തിരിഞ്ഞുനിന്ന് ചിന്തിക്കുന്നത് നല്ലതാണ്; ഈ നോമ്പുകാലത്ത് എത്ര പേർക്ക് നന്മ ചെയ്യുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. മറ്റുള്ളവർക്ക് ഒരു നന്മ പ്രവൃത്തിപോലും ചെയ്തിട്ടില്ലെങ്കിൽ ഒന്നുറപ്പാണ് ഈ നോമ്പിന്റെ ആത്മാവും ചൈതന്യവും നിങ്ങൾക്ക് ലഭിച്ചിട്ടില്ല. അതുകൊണ്ട് തന്നെയാണ് ഫ്രാൻസിസ് മാർപ്പാപ്പ പറയുന്നത് 'നോമ്പുകാലം

ഉപേക്ഷിക്കലുകളുടെ സമയം മാത്രമല്ല കണ്ടെത്തലുകളുടെയും കൂടിയാണ്; നമുക്ക് നഷ്ടപ്പെട്ടവരെ കണ്ടെത്താൻ പരിശ്രമിക്കേണ്ട കാലമാണ്. ഉപവാസം നമ്മെ ദൈവത്തോടും അയല്ക്കാരനോടും കൂടുതൽ അടുപ്പിക്കുന്നു'. നമുക്ക് ചുറ്റും നോക്കിയാൽ നമ്മെ നോക്കി കരയുന്ന കണ്ണുകളും സഹായത്തിനായി വിളിക്കുന്ന കരങ്ങളുമുണ്ട്. ഇവരെയൊക്കെ അവഗണിച്ചിട്ട് ഈസ്റ്ററിന്റെ സന്തോഷം അനുഭവിക്കാൻ നമുക്ക് എങ്ങനെ സാധിക്കും? അതിനാൽ നമ്മുടെ ഹൃദയം ദൈവത്തിങ്കലേക്ക് ഉയരുന്നതോടൊപ്പം നമ്മുടെ കരങ്ങൾ സഹോദരങ്ങളിലേക്കും എത്തേണ്ടതുണ്ട്.

സഭ മുഴുവൻ പ്രത്യേകമായി ഉപവസിച്ച് കോംഗോ, സൗത്ത് സുഡാൻ എന്നീ രാജ്യങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കാൻ ഫ്രാൻസിസ് മാർപ്പാപ്പ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. നമ്മുടെ പ്രാർത്ഥനയിൽ അവരെ പ്രത്യേകമായി ഓർക്കാം. യുദ്ധത്തിന്റെ ഭീകരമായ അനുഭവങ്ങളിലൂടെ കടന്നുപോകുന്ന സിറിയ, ഇറാൻ രാജ്യങ്ങൾക്ക് വേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം.

എന്റെ പ്രിയപ്പെട്ട ഹൊസൂർ രൂപതാംഗങ്ങളെ, ഈ നോമ്പുകാലത്തിൽ നമുക്ക് ചുറ്റും സഹായമാവശ്യമുള്ള സഹോദരങ്ങളെ മറന്നു കളയരുതെന്ന് പ്രത്യേകമായി ഞാൻ ഓർമിപ്പിക്കുന്നു. പ്രാർത്ഥന, ആരോഗ്യം, സമ്പത്ത് എന്നിവയാൽ നമ്മെക്കൊണ്ടാവുന്ന സഹായങ്ങൾ മറ്റുള്ളവർക്ക് നല്കാൻ നാം മടിക്കരുത്. അപ്രകാരം ചെയ്താൽ യഥാർത്ഥമായ സന്തോഷം നമുക്ക് അനുഭവിക്കാൻ സാധിക്കുമെന്ന് ഞാൻ ഉറപ്പു തരുന്നു.

ദിവംഗതനായ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ വലിയൊരു ദർശനമായിരുന്നു അശരണരും അനാഥരുമായവർക്ക് ഒരു ആശ്വാസകേന്ദ്രം ഉണ്ടാകണമെന്ന്. അങ്ങനെയാണ് സാന്തോം സ്നേഹതീരം രൂപപ്പെട്ടത്. ഒരുപാട് ബുദ്ധിമുട്ടുകളും വെല്ലുവിളികളും നേരിടേണ്ടിവരുന്നുണ്ടെങ്കിലും ആരും സഹായിക്കാനില്ലാത്ത അനാഥരായ അമ്മമാരെ അവിടെ നാം സംരക്ഷിക്കുന്നു. അതുകൊണ്ട് കഴിഞ്ഞ വർഷം ചെയ്തതുപോലെ തന്നെ നിങ്ങൾക്ക് ലഭിക്കുന്ന കവറുകളിൽ സാന്തോം സ്നേഹത്തീരത്തിനു വേണ്ടിയുള്ള നിങ്ങളുടെ വിഹിതം നിക്ഷേപിച്ച് ഓശാന ഞായറാഴ്ച സമർപ്പിക്കണമെന്ന് സ്നേഹത്തോടെ ഞാൻ ഓർമിപ്പിക്കുന്നു. വി. മദർ തെരേസ പറയുന്നു "We think sometimes that poverty is only being hungry, naked and homeless. The poverty of being unwanted, unloved and uncared for is the greatest poverty". "ദാരിദ്ര്യം എന്നത് ഭക്ഷണമില്ലാത്തതോ

വസ്ത്രമില്ലാത്തതോ വീടില്ലാത്തതോ മാത്രമല്ല മറിച്ച് ഏറ്റവും വലിയ ദാരിദ്ര്യം എന്നത് സ്നേഹം നിരസിക്കപ്പെടന്നതും അവഗണിക്കപ്പെടുന്നതുമാണ്. സാന്തോം സ്നേഹതീരത്തിൽ എത്തിച്ചേരുന്ന അനാഥരും അവഗണിക്കപ്പെട്ടവരുമായ അമ്മമാർക്ക് സ്നേഹവും പരിഗണനയും നൽകി ഈ നോമ്പുകാലം കൂടുതൽ ഫലപ്രദമാക്കുവാൻ നമുക്ക് പരിശ്രമിക്കാം. ഏവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഹൊസൂർ രൂപതാ കാര്യാലയത്തിൽ നിന്ന്

നിങ്ങളുടെ സ്വന്തം പിതാവ്

05-03-2018 **മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ**

(N:B ഈ സർക്കുലർ 2018 മാർച്ച് മാസം 18ന് ഞായറാഴ്ച ഹൊസൂർ രൂപതയിലെ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്)

## ഫിയാത്ത് 2018 കൃപാഗ്നി- ബൈബിൾ കൺവെൻഷൻ

അനേകായിരങ്ങൾക്ക് അനുഗ്രഹമായി ഹൊസൂർ ബൈബിൾ കൺവെൻഷൻ ഫിയാത്ത് 2018 ഫെബ്രുവരി 9, 10, 11 എന്നീ ദിവസങ്ങളിൽ മാർ ഗ്രിഗോറിയോസ് കോളേജിൽ വെച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ ഹൊസൂർ രൂപതാ മെത്രാൻ മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ആത്മീയ ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയത് ഫാ. റെജി ഫിലിപ്പ് CMI ബ്ര. സാബു ആറുതൊട്ടിയിൽ എന്നിവർ നയിക്കുന്ന കിംങ് ജീസസ് മിനിസ്ട്രീസായിരുന്നു. അഭിവന്ദ്യ പിതാവിന്റെയും വികാരി ജനറാളച്ചൻമാരുടേയും നേതൃത്വത്തിൽ വി. കുർബാനകൾ, ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം, ബൈബിൾ പ്രതിഷ്ഠ, വചനപ്രഘോഷണം, ആന്തരികരോഗശാന്തി ശുശ്രൂഷ. രോഗശാന്തി ശുശ്രൂഷ, ഗാനശുശ്രൂഷ എന്നിവ ഉണ്ടായിരുന്നു. കൺവെൻഷനു പങ്കെടുക്കാൻ വന്ന രോഗികൾക്ക് പ്രത്യേക സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടായിരുന്നു. അഭിവന്ദ്യ പിതാവ് മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ പിതാവിന്റെയും വികാരി ജനറാളന്മാരായ മോൺ. ജോസ് ഇരിമ്പനച്ചന്റേയും മോൺ. വർഗ്ഗീസ് പെരേപ്പാടൻ അച്ചന്റേയും കൺവീനർമാരുടെയും കമ്മിറ്റിക്കാരുടെയും അക്ഷീണമായ പ്രവർത്തനങ്ങളാണ് കൺവെൻഷൻ വിജയിക്കാനുള്ള പ്രധാന കാരണങ്ങളിലൊന്ന്. പ്രാർത്ഥനകൊണ്ടും അദ്ധ്വാനം കൊണ്ടും സമ്പത്ത് കൊണ്ടും സഹായിച്ച എല്ലാവരെയും പ്രത്യേകമായി എല്ലാ വൈദികകരെയും സിസ്റ്റേഴ്സിനെയും കമ്മിറ്റിക്കാരെയും നന്ദിയോടെ ഓർക്കുന്നു.

**ഫാ. ആൻഡ്രൂസ് മാളിയേക്കൽ**
കൺവീനർ, ഫിയാത്ത് 2018

Ref. No. 68/18 07-03-2018

# ദൈവവിളി ദിനം

## സർക്കുലർ

*ദൈവകൃപയാലും പരി. സിംഹാസനത്തിൻ അനുഗ്രഹത്താലും*
*ഹൊസൂർ രൂപതയുടെ മെത്രാൻ,*
*രൂപതയിലെ ബഹു. വികാരിയച്ചന്മാർക്കും*
*സന്യാസിനീ സന്യാസികൾക്കും വിശ്വാസികൾക്കും*
*ആശീർവാദം.*

തമിഴ്നാട് സംസ്ഥാനത്തിന്റെ 9 ജില്ലകളും പോണ്ടിച്ചേരിയും ഉൾപ്പെടുത്തിക്കൊണ്ടു രൂപീകൃതമായ ഹൊസൂർ രൂപതയിലെ അജപാലന ദൗത്യം ഏറ്റെടുത്തിട്ട് ഏകദേശം 4 മാസം പിന്നിടുകയാണ്. വിശാലവും വൈവിധ്യവുമാർന്ന ഈ രൂപതയിലെ അജപാലന ദൗത്യം നിർവ്വഹിക്കണമെങ്കിൽ കർമ്മധീരതയും ഹൃദയവിശുദ്ധിയും തീക്ഷണതയും ത്യാഗമനോഭാവ വുമുള്ള നല്ല അജപാലകരെ ഇന്ന് സഭക്ക് ആവശ്യമുണ്ട്. ഈശോക്ക് ജനത്തിനോട് അനുകമ്പ തോന്നിയത് ഇടയനില്ലാത്ത ആടുകളെപ്പോലെ ജനത്തെ കണ്ടപ്പോഴാണ്. (*യോഹ.93:6*) 'വിളവധികം വേലക്കാരോ ചുരുക്കം' എന്നത് ഈ കാലഘട്ടത്തിന്റെയും നമ്മുടെ രൂപതയുടെയും പ്രത്യേകത തന്നെയാണ്.

ചില വ്യക്തികളെ ദൈവം പ്രത്യേകമായി തിരഞ്ഞെടുത്ത് ചില പ്രത്യേക ദൗത്യങ്ങൾ ഏല്പിക്കുന്നതിനെയാണ് ദൈവവിളിയെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. 'വിളിക്കുള്ളിലെ വിളി' എന്ന് ദൈവവിളിയെ നമുക്ക് വിശേഷിപ്പിക്കാം. മനുഷ്യനെന്ന വിളിക്കും ക്രൈസ്തവനെന്ന വിളിക്കും പുറമെയുളള വിളിയാണിത്. ദൈവം ചിലർക്ക് മാത്രം നല്കുന്ന ഉത്കൃഷ്ടവും നിഗൂഢവുമായ വിളി. വി. മർക്കോസിന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തുന്നു: (മർക്കോ 3:13) 'പിന്നെ അവൻ മലമുകളിലേക്ക് കയറി തനിക്കിഷ്ടമുള്ളവരെ അടുത്തേക്ക് വിളിച്ചു'. അവർ അവന്റെ അടുത്തേക്ക് ചെന്നു. ഇവിടെ ദൈവം ശിഷ്യൻമാർക്ക് പ്രത്യേക വരദാനങ്ങളും അധികാരങ്ങളും നൽകുന്നത് കാണാൻ കഴിയും. ഇന്ന് ഇത്തരത്തിൽ

ദൈവികപദ്ധ്യതി പൂർത്തിയാക്കാൻ ധാരാളം പേരെ ദൈവത്തിന് ആവശ്യമുണ്ട്. അവിടുന്ന് വിളിക്കുന്നുമുണ്ട്.

ദൈവത്തെ മഹത്വപ്പെടുത്തുവാനും ക്രിസ്തുവിന്റെ രക്ഷാകര കർമ്മത്തിൽ പങ്കുചേരുവാനും ജീവിതമാതൃകവഴി ലോകത്തെ നയിക്കുവാനും പഠിപ്പിക്കുവാനും വിശുദ്ധീകരിക്കുവാനും ദൈവം മനുഷ്യനെ തിരഞ്ഞെടുക്കുന്ന വിളിയാണ് പൗരോഹിത്യം. ദാരിദ്ര്യം, അനുസരണം, ബ്രഹ്മചര്യം എന്നിവവഴി ക്രിസ്തുവിനെ ഏറ്റവുമടുത്ത് അനുധാവനം ചെയ്യുന്നവരാണ് സന്യസ്തർ. ആഴമേറിയ സ്നേഹത്തിൽ വളർന്ന് മിശിഹാ സഭയെ സ്നേഹിച്ചതുപോലെ ഗാഢവും അവികലവും ത്യാഗനിർഭരവമായ സ്നേഹം വഴി മുന്നോട്ട് പോകേണ്ട ജീവിതാവസ്ഥയാണ് വിവാഹജീവിതം.

പ്രിയമുള്ളവരെ, ദൈവം നമ്മെ ഓരോരുത്തരെയും വിളിക്കുന്നുണ്ട്, അത് വൈദിക സമർപ്പിതജീവിതത്തിലേക്കാവാം വിവാഹജീവിതത്തിലേക്കാകാം. ഈ വിളി തിരിച്ചറിയാൻ സഹായിക്കുന്ന ഒരു ജീവിതമാർഗ്ഗദർശന ക്യാമ്പ് ഹൊസൂർ രൂപതയിലെ 9, 10, +1, +2, ഡിഗ്രി വിദ്യാർത്ഥികൾക്കായി ഏപ്രിൽ 21 ാം തിയ്യതി വൈകീട്ട് 5 മണി മുതൽ 23 ാം തിയ്യതി ഉച്ചതിരിഞ്ഞ് 3 മണി വരെ സാന്തോം സ്നേഹതീരത്തിൽ വച്ച് സംഘടിപ്പിക്കുന്നു.

ഇതിന്റെ തുടർച്ചയെന്നോണം ഹൊസൂർ രൂപതയിൽ ചേർന്ന് വൈദികരാകാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥി കൾക്കായി മെയ് 25-ാം തിയ്യതി 10 മണി മുതൽ 27-ാം തിയ്യതി 5 മണി വരെ സാന്തോം സ്നേഹതീരത്തിൽ വച്ചുതന്നെ ഒരു ദൈവവിളി ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ട്. ഈ ക്യാമ്പുകളിൽ പങ്കെടുത്ത് ഉചിതമായ ജീവിതാവസ്ഥ തിരഞ്ഞെടുക്കാൻ എല്ലാ വിദ്യാർത്ഥികൾക്കും സാധിക്കട്ടെയെന്നാശംസിക്കുന്നു.

മൂന്ന് വിധത്തിൽ വൈദീക സമർപ്പിത ജീവിതത്തിലേക്കുള്ള ദൈവവിളിയെ പ്രോത്സാഹിപ്പിക്കാൻ നമുക്ക് സാധിക്കും; പ്രാർത്ഥനകൊണ്ടും ആളുകൊണ്ടും അർത്ഥം കൊണ്ടും. കുടുംബത്തിന്റെ പുഷ്പിക്കലാണ് ദൈവവിളിയെന്ന് പോൾ ആറാമൻ മാർപ്പാപ്പയുടെ ആശയം എല്ലാ ദമ്പതികൾക്കും ഗ്രഹിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എന്നാഗ്രഹിക്കുകയാണ്. "ഞാൻ വിളിച്ചിട്ടും നിങ്ങൾ ശ്രദ്ധിക്കാൻ വിസമ്മതിച്ചു; ഞാൻ കൈ നീട്ടിയിട്ടും ആരും ഗൗനിച്ചില്ല; നിങ്ങൾ എന്റെ ഉപദേശം അപ്പാടെ അവഗണിക്കുകയും എന്റെ ശാസന നിരാകരിക്കുകയും ചെയ്തു. അതിനാൽ ഞാനും നിങ്ങളുടെ അനർ ത്ഥത്തിൽ നിങ്ങളെ

പരിഹസിക്കും." - *സുഭാഷിതങ്ങൾ 1: 24-26*

തിരുവചനങ്ങൾ സ്വാംശീകരിച്ചുകൊണ്ട് ദൈവവിളിക്കനുസൃതമായി പ്രത്യുത്തരീകരിക്കാതിരിക്കുന്നത് ഗൗരവപരമായ വീഴ്ചയാണെന്ന് മനസ്സിലാക്കിക്കൊണ്ട് ദൈവവിളി വലിയ ദാനമായി സ്വീകരിക്കുവാൻ വിദ്യാർത്ഥികൾക്കും അതിനു പ്രോത്സാഹനം നല്കാൻ മാതാപിതാക്കൾക്കും സാധിക്കട്ടെ. ദൈവവിളിക്കുവേണ്ടിയുള്ള പ്രാർത്ഥന കുടുംബപ്രാർത്ഥനയുടെ പ്രത്യേക നിയോഗമാക്കണം. മാതാപിതാക്കളാണ് മക്കളുടെ ഹൃദയത്തിൽ ദൈവവിളി നട്ടുനനച്ച് വളർത്തേണ്ടത്.

ഒരു മൈനർ സെമിനാരി ഉണ്ടാകുക എന്നത് നമ്മുടെ രൂപതയുടെ പ്രഥമ ആവശ്യമാണ്. അതിന് വേണ്ട എല്ലാ സഹായസഹകരണങ്ങളും ഉണ്ടാകണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ഒരു വൈദിക വിദ്യാർത്ഥിയെ പഠിപ്പിക്കുവാനുള്ള സഹായം നല്കുവാൻ സാധിക്കുന്നവർ അതിനായി മുന്നോട്ട് വരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഹൊസൂർ രൂപത സ്വപ്നം കണ്ട് അതിനായ് അഹോരാത്രം കഠിനാദ്ധ്വാനം ചെയ്ത് ഈ ലോകത്തോട് വിടപറഞ്ഞ അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ സ്മരണയുണർത്തി ഹൊസൂർ രൂപതയുടെ മൈനർ സെമിനാരി 'സെന്റ് ജെയിംസ് മൈനർ സെമിനാരി' എന്ന പേരിലാണ് അറിയപ്പെടുക. 2016 ജൂലൈ 10 ാം തിയ്യതി ഈ ലോകത്തോട് വിട പറഞ്ഞ ജെയിംസ് പിതാവിന്റെ അനുസ്മരണ ബലിയും സെന്റ് ജെയിംസ് മൈനർ സെമിനാരിയുടെ ഉദ്ഘാടനവും 2018 ജൂലൈ 7 ാം തിയ്യതി ശനിയാഴ്ച രാവിലെ 11 മണിക്ക് തിരുവള്ളൂർ സാന്തോം സ്നേഹത്തീരത്ത് വച്ച് നടക്കുന്നു. അതിന് മുഖ്യകാർമ്മികത്വം വഹിക്കുക സീറോ മലബാർ സഭയുടെ പിതാവും തലവനുമായ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവായിരിക്കും. പ്രസ്തുത കർമ്മങ്ങളിലേക്ക് ഞാൻ ഏവരെയും ക്ഷണിക്കുന്നു. പ്രാർത്ഥനകൊണ്ടും പ്രോത്സാഹനങ്ങൾ കൊണ്ടും ദൈവവിളി വളർത്തുവാൻ നമുക്ക് പ്രതിജ്ഞാബന്ധരാകാം. ഏവരേയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഈശോമിശിഹായിൽ സ്നേഹപൂർവ്വം

ഹൊസൂർ രൂപതാ കാര്യാലയത്തിൽ നിന്ന്

നിങ്ങളുടെ സ്വന്തം പിതാവ്

07-03-2018 **മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ**

(N:B ഈ സർക്കുലർ 2018 ഏപ്രിൽ മാസം 8ന് ഞായറാഴ്ച ഹൊസൂർ രൂപതയിലെ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്)

# കച്ചേരികാര്യങ്ങൾ

## I.PRIESTS' APPOINTMENTS

1. **V. Rev. Msgr. Jose Irimpan**: Protosyncellus, Chancellor, Parish Priest St. Thomas Syro Malabar Catholic Forane Church, Ayanavaram, Incharge Syro Malabar faithful of Madras-Mylapore Archdiocese and Chengalpattu Diocese territory, Incharge of Religious, Convenor of Construction Committee, Member of College of Consultors, Finance Council, Incharge of Educational Institutions, Catechism, Pastoral Council, Chaplain CMC Convent Ayanavaram.
2. **V. Rev. Msgr. Varghese Pereppadan**: Syncellus, Parish Priest, St. Thomas Syro Malabar Catholic Church, Vellore, Finance Officer, Incharge of Syro Malabar faithful of Dharmapuri, Vellore Latin dioceses and Pondicherry Archdiocese territory, House procurator, Convenor & Secretary of Finance council, Incharge of Seminarians, Minor Seminary, Social concern Institutions and activities, Associations, Member of College of Consultors and Construction Committee, Managing Editor of Diocesan Bulletin.
3. **Very Rev. Fr. Binoy Pozholiparambil:** Parish Priest, St. Antony's Syro Malabar Cathedral Church, Noothenchery; Chaplain CHF Convent Gowrivakkam, Member of College of Consultors, Member of Diocesan Finance Council.
4. **Very Rev. Fr. Anto Karippai:** Rector St. James Minor Seminary, finance officer Santhome Snehatheeram, Director Pithruvedi, Member of college consultors, Priest incharge of Syro Malabar Catholics in Vellore Latin diocese territory, Incharge of Senjipanambakkam Land and incharge of Syro Malabar faithful of Thiruvallur area. Member of Diocesan Finance Council, Pastoral Council Secretary, Vocation Promoter.
5. **Very Rev. Fr. Jaju Elamkunnapuzha**: Parish Priest, Holy Cross Syro Malabar Catholic Forane Church, Mogappair, Director Civil Services Coaching, Manager St. Thomas Liturgical Centre, Ayanavaram, Incharge of Divine Mercy Mass Centre Chinthamani, Chaplain FCC Convent Mogappair.
6. **Very Rev. Fr. Andrews Maliekal**: Parish Priest, St. Alphonsa Syro Malabar Catholic Church, Kodambakkam, Member of College of Consultors, Director CRI, Priest Incharge of Syro Malabar faithful of Madras-Mylapore Archdiocese territory. Member of Diocesan Finance Council.
7. **Very Rev. Fr. Jose Pulluparambil**: Parish Priest, Sacred Heart Syro Malabar Catholic Forane Church, Keelkattalai, Chief Editor Sadvartha News Bulletin, Priest Incharge Syro Malabar faithful of Chengelpatt Latin Diocese territory, Member of College of Consultors, Member of Diocesan Finance Council, Chaplain CHF Convent, Keelkattalai.

8. **Very Rev. Fr. Jijo Thundathil**: Parish Priest St. Peter's Syro Malabar Catholic Forane Church, IAF Avadi, Principal St. Thomas Matric. School Koilpathagai, Chaplain CMC Convent Avadi, Priest Incharge Syro Malabar faithful of Pondicherry Archdiocese territory, Member of College of Consultors. Member of Diocesan Finance Council

9. **Very Rev. Fr. George Chiramel**: Parish Priest St. Thomas Syro Malabar Catholic Church, Hosur, Member of College of Consultors, Member of Diocesan Finance Council, Priest Incharge of the Syro Malabar faithful of the Dharmapuri Latin Diocese territory, Chaplain Convents of the Syro Malabar Religious Congregations

10. **Very Rev. Fr. Sibin Kottackal**: Parish Priest, St. Joseph's Syro Malabar Catholic Forane Church, Perambur, Director SMYM, Chaplain of S.D Convent Perambur. Member of Construction Committee.

11. **Rev. Fr. Wilson Pereppadan**: Parish Priest St. Mother Teresa Syro Malabar Catholic Church, Velachery, Director of Catholic Nurses Guild, Incharge of diocesan Properties at Vedanthangal and Pappanalloor, Chaplain CHF Convent, Velachery

12. **Rev. Fr. Nijo John Pallai**: Parish Priest, St. Camillus Syro Malabar Catholic Church, Neelankarai, Director of Santhome Palliative Care, Managing Editor of Sadvartha News Bulletin, Member of Finance Council.

13. **Rev. Fr. Vineesh Vattoly**: Parish Priest, St. Thomas Syro Malabar Catholic Church, Kovilpathagai, Correspondent St. Thomas Matric. School Koilpathagai, Director Mathrujyothis, Chaplain DBS Convent, Kovilpathagai and SD Regional House, Veerapuram.

14. **Rev. Fr. Jijo Chakkiath**: Parish Priest St. Thomas Church Jaya Nagar Pondicherry, Director Choir and Liturgy, Chaplain FCC Convent, Chinnakkalapet.

15. **Rev. Fr. Jeo Kaitharath**: Parish Priest St. Alphonsa Syro Malabar Catholic Church, Pozhichelloor, Director Catechism, Chaplain SABS Convent, Pozhichellur, Presbyterum Secretary.

17. **Rev. Fr. Jophin Kappil**: Director Santhome Snehatheeram and Finance Officer of St. James Minor Seminary, Chaplain DBS Convent, Snehatheeram.

18. **Rev. Fr. Joby Menoth**: Parish Priest, St. Jude Syro Malabar Catholic Church, Thiruvottiyur, Diocesan PRO, Director Communication Media, Chaplain S H Convent, Thiruvottiyur.

19. **Rev. Fr. Joseph Savio Payyapilly**: Parish Priest St. George Syro Malabar Catholic Church, Ernavoor, Asst. PRO, Documentation incharge of Finance Office, Chaplain S H Convent Ernavoor, FCC Convent Mathoor and FCC Convent, Nemallur.

20. **Rev. Fr. Leslin Cheruparambil**: Parish Priest, Little Flower Syro Malabar Catholic Church, Valsaravakkam. News Editor Sadvartha, Asst Director Pithruvedi, Chaplain DST Convent, Valasaravakkam.

21. **Rev. Fr. Subish Vattaparambil**: Parish Priest St. Thomas Syro Malabar Catholic Church, St. Thomas Mount, Director Family Apostolate and Pre Cana course.

22. **Rev. Fr. Arun Chakkalackal**: Parish Priest, St. Sebastian Syro Malabar Catholic Church, Ottery, Vice Chancellor, Secretary to the Bishop, Chief Editor Diocesan Bulletin, Asst. Director Family Apostolate and Pre Cana Course.

23. **Rev. Fr. Alex Kallely**: Parish Priest, Infant Jesus Syro Malabar Catholic Church, Avadi-Pattabiram, Director Altar Boys and CML, Documentation incharge Chancery, Chaplain CMC Convent Veppampattu.

24. **Rev. Fr. Rinto Thekkinieth:** Parish Priest, Nithya Sahaya Matha Syro Malabar Cathoic Church, Santhome-Royapetta, Asst. Director SMYM, Asst. Manager St. Thomas Liturgical centre.

25. **Rev. Fr. Lijo Chittilapilly**: Parish Priest, St. Mary's Syro Malabar Catholic Church, Athipet, Asst.Director Mathrujyothis, Asst. Director Civil Service Coaching, Chaplain CSC Convent, Athipet.

26. **Rev. Fr. Johnson Xavier Panachikkal CMI**: Parish Priest Christ The King Syro Malabar Catholic Church, Poonamallee, Member of Finance Council.

27. **Rev. Fr. Joju Chiriyankandath CMI**: Parish Priest, St. Mary's Syro Malabar Cathoic Church, Gorimedu Pondicherry, Chaplain FCC Convent, Thirukkannur.

28. **Rev. Fr. Stephen Kolengayil VC**: Parish Priest Divine Mercy Syro Malabar Cathoic Church, Ambathoor.

## II. മൈനർ സെമിനാരി

ഹൊസൂർ രൂപതാ മൈനർ സെമിനാരി തിരുവള്ളൂർ സാന്തോം സ്നേഹതീരത്തായിരിക്കും ആരംഭിക്കുക. സെമിനാരിക്ക് ദിവംഗതനായ മാർ ജെയിംസ് പഴയാറ്റിൽ പിതാവിനെ അനുസ്മരിച്ച് സെന്റ് ജെയിംസ് മൈനർ സെമിനാരി എന്നായിരിക്കും പേര് നല്കുക. 2018 ജൂലൈ 7 ശനിയാഴ്ച രാവിലെ 11 മണിക്കായിരിക്കും സെമിനാരിയുടെ ഉദ്ഘാടനം. ദിവംഗതനായ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ അനുസ്മരണ ബലിക്കും സെമിനാരിയുടെ ഉദ്ഘാടനത്തിനും കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവായിരിക്കും മുഖ്യകാർമ്മികത്വം വഹിക്കുക.

## III. ക്രിസ്സം (Chrism) മാസ്സ്

ക്രിസ്സം (Chrism) മാസ്സ് മാർച്ച് 26 ന് വൈകീട്ട് 6 മണിക്ക് അയനാവരം സെന്റ് തോമസ് സീറോ മലബാർ കാത്തലിക്ക് ഫൊറോന പള്ളിയിൽ വച്ച് നടത്തപ്പെടുന്നു. രൂപതയിലെ എല്ലാ വൈദികരും സമർപ്പിതരും കൈക്കാരന്മാരും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും ഇതിൽ പങ്കെടുക്കേണ്ടതാണ്.

## IV. രൂപത ഫിനാൻസ് കൗൺസിൽ

രൂപത ഫിനാൻസ് കൗൺസിലേക്ക് പ്രസ്ബറ്റേറിയത്തിലിൽ നിന്ന് റവ. ഫാ. ജോൺസൺ പനച്ചിക്കൽ സി. എം. ഐ, റവ. ഫാ. നിജോ ജോൺ പള്ളായി എന്നിവരെയും പാസ്റ്ററൽ കൗൺസിലിൽ നിന്നും മി. ജോസ് സഖറിയ, മുഗപ്പേർ, മി. എം. യു റെയ്മണ്ട്, കോവിൽപതകൈ എന്നിവരെയും തിരഞ്ഞെടുത്തു.

## V. പാസ്റ്ററൽ കൗൺസിൽ

പാസ്റ്ററൽ കൗൺസിൽ അജണ്ടാ കമ്മിറ്റിയിലേക്ക് മി. മാത്യു ചാക്കോ, കീഴ്ക്കട്ടലൈ, മിസ്സിസ്സ് ഡെയ്സി ആന്റണി, മുഗപ്പേർ എന്നിവരെ തിരഞ്ഞെടുത്തു.

## VI. രൂപതയിലെ നിർമ്മാണ പ്രവർത്തനങ്ങൾ

ഇടവകകൾ, സ്ഥാപനങ്ങൾ. സംഘടനകൾ പ്രസ്ഥാനങ്ങൾ എന്നിവ രൂപതാ നിയമാവലി നിശ്ചയിച്ചിട്ടുള്ള സംഖ്യയിൽ കൂടുതൽ ചിലവഴിച്ച് അറ്റകുറ്റ പണികളോ നിർമ്മാണ പ്രവർത്തനങ്ങളോ നടത്തുന്നുണ്ടെങ്കിൽ രൂപതാ കാര്യാലയത്തിൽ നിന്ന് രേഖാമൂലം അനുവാദം വാങ്ങേണ്ടതാണ്. നിർമ്മാണ/ നവീകരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ രൂപതാകാര്യാലയത്തിൽ നിന്നു ലഭിക്കുന്ന ഫോമിൽ എഴുതി പ്ലാനും എസ്റ്റിമേറ്റും സഹിതം നിർമ്മാണം/ നവീകരണം ആരംഭിക്കുന്നതിനു 45 ദിവസങ്ങൾക്ക് മുൻപ് രൂപതാകാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. അതിനുള്ള പ്രത്യേക ഫോം രൂപതാ കാര്യാലയത്തിൽ നിന്ന് ലഭിക്കുന്നതാണ്. നിർമ്മാണ കമ്മിറ്റിയുടെ പഠനത്തിനു ശേഷമേ അനുവാദം നല്കുകയുള്ളൂ. അനുവാദം ലഭിച്ചതിനുശേഷം മാത്രമെ നിർമ്മാണം/നവീകരണം ആരംഭിക്കാവൂ. നിർമ്മാണം/നവീകരണം പൂർത്തിയായാൽ മൂന്നു മാസത്തിനുള്ളിൽ കണക്കുകൾ ഓഡിറ്റ് ചെയ്ത് രൂപതാകാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

N:B 40/9 നിയമാവലി പേജ് 217. ഇടവകകളുടെ മുൻ കൊല്ലത്തെ വാർഷിക വരുമാനത്തിന്റെ നാലിലൊന്നോ അല്ലെങ്കിൽ 2,50,000 രൂപയോ ഇവയിൽ ഏതു തുകയാണോ കുറഞ്ഞത് ആ തുകയിലോ അല്ലെങ്കിൽ

രൂപതാമെത്രാൻ കാലാകാലങ്ങളിൽ നിശ്ചയിച്ചിരിക്കുന്ന തുകയിലോ കൂടുതൽ സംഖ്യ ചെലവിടേണ്ടിവരുന്ന പണികൾ നടത്തുവാൻ. ഇതിൽ താഴെ വരുന്ന പണികൾ നടത്തുവാൻ അനുവാദം ആവശ്യമില്ല.

## VII. ഫിയാത്ത് ബൈബിൾ കൺവെൻഷൻ 2018

ഹൊസൂർ രൂപത ഫിയാത്ത് ബൈബിൾ കൺവെൻഷൻ 2018 വിജയിപ്പിക്കാൻ സഹായിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവർക്കും രൂപതയുടെ നന്ദി അറിയിക്കുന്നു. കൺവെൻഷൻ നയിച്ച ബ്ര. സാബു ആറുതൊട്ടിയിൽ നയിക്കുന്ന കിംങ് ജീസസ്സ് മിനിസ്ട്രീസ് ടീം അംഗങ്ങളോടും സ്ഥലവും സാഹചര്യങ്ങളും ഒരുക്കി തന്ന മാർ ഗ്രിഗോറിയോസ് കോളേജ് അധികൃതരോടും പ്രത്യേകം നന്ദി പറയുന്നു.

## VIII. ജീവിതമാർഗ്ഗ ദർശനക്യാമ്പ്

ഹൊസൂർ രൂപതയിലെ 9, 10, +1, +2, ഡിഗ്രി വിദ്യാർത്ഥികൾക്കായി ഏപ്രിൽ 21 ാം തിയ്യതി വൈകീട്ട് 5 മണി മുതൽ 23 ാം തിയ്യതി ഉച്ചതിരിഞ്ഞ് 3 മണി വരെ സാന്തോം സ്നേഹതീരത്തിൽ വച്ച് സംഘടിപ്പിക്കുന്നു. സാധിക്കുന്ന എല്ലാ വിദ്യാർത്ഥികളും പങ്കെടുക്കേണ്ടതാണ്.

## IX. ദൈവവിളി ക്യാമ്പ്

ഹൊസൂർ രൂപതയിൽ ചേർന്ന് വൈദികരാകാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കായി മെയ് 25 ാം തിയ്യതി മുതൽ 27 ാം തിയ്യതി വരെ സാന്തോം സ്നേഹതീരത്തിൽ വച്ച് ദൈവവിളി ക്യാമ്പ് സംഘടിപ്പിക്കുന്നു.

**മോൺ. ജോസ് ഇരിമ്പൻ**
പ്രോട്ടോസിഞ്ചെല്ലൂസ്

### പ്രീ-കാന കോഴ്സ്

വിവാഹത്തിനൊരുക്കമായിട്ടുള്ള പ്രീകാന കോഴ്സ് **മാർച്ച് 9, 10, 11** ദിവസങ്ങളിൽ അയനാവരം സെന്റ് തോമസ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. പങ്കെടുക്കാൻ വരുന്നവർ വികാരിയച്ചന്റെ സാക്ഷ്യ പത്രവുമായി വരേണ്ടതാണ്.

**ഫാ. സുബീഷ് വട്ടപ്പറമ്പിൽ**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്

## കുരിശിന്റെ വഴി

എല്ലാവർഷവും നമ്മൾ നടത്തുന്ന സെന്റ് തോമസ് മൗണ്ടിലേക്കുള്ള കുരിശിന്റെ വഴി 2018 മാർച്ച് 24 ാം തിയ്യതി ഉച്ചകഴിഞ്ഞ് 2.30 ന് സെന്റ് തോമസ് സീറോ മലബാർ കാത്തലിക് ചർച്ച്, സെന്റ് തോമസ് മൗണ്ടിൽ നിന്നും പദയാത്രയായി മലയുടെ അടിവാരത്തെത്തുകയും തുടർന്ന് 3 മണിക്ക് കുരിശിന്റെ വഴി ആരംഭിച്ച് 4 മണിക്ക് മലമുകളിലെത്തുന്നു. തുടർന്ന് അഭിവന്ദ്യ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സമൂഹബലിയും കുരിശിന്റെ ആശീർവ്വാദവും ഉണ്ടായിരിക്കുന്നതാണ്. എല്ലാ വിശ്വാസികളെയും പദയാത്രക്കും കുരിശിന്റെ വഴിക്കും പ്രത്യേകമായി ക്ഷണിക്കുന്നു.

### പാലിയേറ്റീവ് കെയർ

പാലിയേറ്റീവ് കെയറിന്റെ രൂപതാതല മീറ്റിംങ് 2018 ജനുവരി 30-ാം തിയ്യതി അഭിവന്ദ്യ പിതാവ് സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിലിന്റെയും വികാരി ജനറാൾ മോൺ. ജോസ് ഇരിമ്പനച്ചന്റെയും സാന്നിദ്ധ്യത്തിൽ കൂടി. ആറു ഫൊറോനകളിലും പാലിയേറ്റീവ് കെയറിന്റെ യൂണിറ്റുകൾ ആരംഭിക്കാൻ തീരുമാനിച്ചു. ഓരോ ഫൊറോനയിലും ഓരോ ആനിമേറ്റേഴ്സിനെ തിരഞ്ഞെടുക്കുകയും ചെയ്തു.

**സെബാസ്റ്റ്യൻ. ടി**
സെക്രട്ടറി

**ഫാ. നിജോ ജോൺ പള്ളായി**
ഡയറക്ടർ

## ഇടയന്റെ ഇന്നലെകൾ

| | | |
|---|---|---|
| ഡിസംബർ 26 | : | ഇരിങ്ങാലക്കുട |
| ഡിസംബർ 27 | : | ഇരിങ്ങാലക്കുട |
| ഡിസംബർ 31 | : | സെന്റ് അൽഫോൻസ ചർച്ച്, പൊഴിച്ചെല്ലൂറിൽ ഇടയസന്ദർശനം നടത്തി |
| ജനുവരി 4 | : | ഇരിങ്ങാലക്കുട രൂപത നൽകിയ സ്വീകരണത്തിലും അനുമോദന യോഗത്തിലും പങ്കെടുത്തു. |
| ജനുവരി 7 | : | ഷംസാബാദ് രൂപതാസ്ഥാപനത്തിലും മാർ റാഫേൽ തട്ടിൽ മെത്രാന്റെ സ്ഥാനാരോഹണ ചടങ്ങിലും പങ്കെടുത്തു |
| ജനുവരി 8-13 | : | സീറോ മലബാർ സിനഡിൽ പങ്കെടുത്തു. |

| | | |
|---|---|---|
| ജനുവരി 15 | : | ക്രിസ്റ്റീൻ ധ്യാനം, സെന്റ് മേരീസ് ചർച്ച്, അത്തിപ്പെട്ട് |
| ജനുവരി 17 | : | വീരാപുരം എസ്. ഡി കോൺവെന്റ് വെഞ്ചിരിച്ചു. |
| ജനുവരി 25 | : | കോവിൽപതകൈ സ്കൂൾ കെട്ടിടം ആശീർവ്വദിക്കുകയും, വാർഷികപരിപാടികളിൽ സംബന്ധിക്കുകയും ചെയ്തു. |
| ജനുവരി 27 | : | അത്തിപ്പെട്ട് സ്കൂൾ വാർഷികത്തിൽ പങ്കെടുത്തു |
| ജനുവരി 28 | : | സെന്റ് ജൂഡ് ചർച്ച്, തിരുവട്ടിയൂർ ദേവാലയം ആശീർവ്വദിക്കുകയും വിശ്വാസികൾക്കായി തുറന്നു കൊടുക്കുകയും ചെയ്തു. |
| ജനുവരി 29 | : | ആവഡി സ്കൂൾ വാർഷികത്തിൽ പങ്കെടുത്തു. |
| ഫെബ്രുവരി 1-8 | : | ബാംഗ്ലൂർ, CBCI സിനഡ് |
| ഫെബ്രുവരി 9-11 | : | ഫിയാത്ത് കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. വി. ബലിയർപ്പിച്ചു പ്രാർത്ഥിച്ചു. |
| ഫെബ്രുവരി 12 | : | സെന്റ് തോമസ് ചർച്ച്, അയനാവരത്തു വിഭൂതി തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| ഫെബ്രുവരി 15-16 | : | ഇരിങ്ങാലക്കുട, എം. സി പോളിന്റെ മരണ-സംസ്കാര കർമ്മങ്ങളിൽ പങ്കെടുത്തു. |
| ഫെബ്രുവരി 25 | : | ലിറ്റിൽ ഫ്ളവർ ചർച്ച്, വത്സരവാക്കത്ത് ഇടയസന്ദർശനം നടത്തി. |

## ഇടയന്റെ നാളെകൾ

| | | |
|---|---|---|
| മാർച്ച് 04 | : | പാസ്റ്ററൽ വിസിറ്റ്, സേക്രഡ് ഹാർട്ട് ചർച്ച്, കീഴ്ക്കട്ട്ലൈ |
| മാർച്ച് 09 | : | പ്രീ-കാന, പാസ്റ്ററൽ സെന്റർ, അയനാവരം |
| മാർച്ച് 11 | : | പാസ്റ്ററൽ വിസിറ്റ്, ക്രൈസ്റ്റ് ദി കിംങ് ചർച്ച്, പൂനമല്ലി |
| മാർച്ച് 18 | : | പാസ്റ്ററൽ വിസിറ്റ്, പോണ്ടിച്ചേരി |
| മാർച്ച് 24 | : | കുരിശിന്റെ വഴി, സെന്റ് തോമസ് മൗണ്ട്, ചെന്നൈ |
| മാർച്ച് 25 | : | ഓശന; സെന്റ് തോമസ് ചർച്ച്, ഹൊസൂർ |
| മാർച്ച് 26 | : | ക്രിസ്സം മാസ്സ്, അയനാവരം |
| മാർച്ച് 29 | : | പെസഹാവ്യാഴം കത്തീഡ്രൽ, നൂത്തഞ്ചേരി |
| മാർച്ച് 30 | : | ദു:ഖവെള്ളി കത്തീഡ്രൽ, നൂത്തഞ്ചേരി |
| മാർച്ച് 31 | : | ദു:ഖശനി കത്തീഡ്രൽ, നൂത്തഞ്ചേരി |
| ഏപ്രിൽ 1 | : | ഈസ്റ്റർ, നൂത്തഞ്ചേരി |